# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.519 | 07.01.2014-ൽ മറുപടിക്ക്

**ചോദ്യം**

ശ്രീ. എ.കെ. ബാലൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. രാജു എബ്രഹാം
ശ്രീ. ബി. സത്യൻ

**ഉത്തരം**

**ശ്രീ.കെ. എം.മാണി**
ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി

## അധിക വിഭവ സമാഹരണ ലക്ഷ്യം

| | | |
|---|---|---|
| (എ) | നടപ്പു വർഷം ബജറ്റിൽ പ്രതീക്ഷിച്ച അധിക വിഭവ സമാഹരണ ലക്ഷ്യം കൈവരിക്കുകയുണ്ടായോ; അധിക വിഭവ സമാഹരണം ഉൾപ്പെടെ മൊത്തം റവന്യൂ വരുമാനം പ്രതീക്ഷിച്ചത് എത്രയായിരുന്നു; മുൻ വർഷത്തെ അപേക്ഷിച്ച് നടപ്പു വർഷം റവന്യൂ വരുമാനത്തിൽ എത്ര ശതമാനത്തിന്റെ വർദ്ധനവ് പ്രതീക്ഷിച്ചിരുന്നു; പ്രതീക്ഷിച്ചതിന്റെ എത്ര ശതമാനം വർദ്ധന ഉണ്ടായി; പ്രതീക്ഷിച്ച സ്റ്റേറ്റ് ടാക്സ് & ഡ്യൂട്ടീസ് എന്തു തുക വീതമായിരുന്നു; ആയതിന്റെ എത്ര ശതമാനം നേട്ടം ഇതിനകം ഉണ്ടായി; മുൻ വർഷം എത്രയായിരുന്നു; | അധിക വിഭവ സമാഹരണം ഉൾപ്പെടെ നടപ്പു സാമ്പത്തിക വർഷം പ്രതീക്ഷിച്ച ആകെ റവന്യൂ വരുമാനം 59196.21 കോടി രൂപയാണ്. 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റു പ്രകാരം ലക്ഷ്യമിട്ട വരുമാനത്തേക്കാൾ 20.60 ശതമാനത്തിന്റെ വർദ്ധനവാണ് 2013-14 ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം ആകെ റവന്യൂ വരുമാനത്തിൽ പ്രതീക്ഷിക്കുന്നത്. പ്രാഥമിക കണക്കുപ്രകാരം 30.11.2013 വരെ ലഭിച്ച ആകെ റവന്യൂ വരുമാനം മുൻ വർഷത്തെ സമാന കാലയളവിൽ ലഭിച്ച വരുമാനത്തേക്കാൾ 11.96 ശതമാനത്തിന്റെ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ടാക്സസ് ആന്റ് ഡ്യൂട്ടിയിനത്തിൽ പ്രതീക്ഷിച്ച ആകെ വരുമാനം, അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 30.11.2013 വരെ ലഭിച്ച യഥാർത്ഥ വരുമാനം, മുൻ സാമ്പത്തിക വർഷത്തെ സമാന കാലയളവിൽ ലഭിച്ച വരുമാനം എന്നിവയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം I-ായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്തിന്റെ പ്രമുഖമായിട്ടുള്ള വരുമാന സ്രോതസ്സുകൾ ഏതൊക്കെയാണ്; ഓരോ സ്രോതസ്സിലൂടെയും തന്നാണ്ടിൽ പ്രതീ | സംസ്ഥാനത്തിന്റെ പ്രമുഖ വരുമാന സ്രോതസ്സുകൾ ഓരോന്നിൽ നിന്നും 2013-14 ൽ അധിക വിഭവ സമാഹരണം ഉൾപ്പെടെയുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീ |

| | | |
|---|---|---|
| | ക്ഷിച്ച വരുമാനവും ഇതിനകം ലഭിച്ച വരുമാനവും വിശദമാക്കാമോ; | ക്ഷിച്ച വരുമാനം, അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 30.11.2013 വരെ ലഭിച്ച യഥാർത്ഥ വരുമാനം എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധം II-ായി ചേർക്കുന്നു. |
| (സി) | ചെക്ക് പോസ്റ്റുകളിൽ നികുതി ചോർച്ച ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നികുതി പിരിവിലെ കാര്യക്ഷമത പുന:സ്ഥാപിക്കാൻ മുൻ സർക്കാരിന്റെ നടപടിക്ക് തുടർച്ച ഉറപ്പാക്കുമോ; | നികുതി ചോർച്ച തടയുന്നതിന് ശക്തവും കാര്യക്ഷമവുമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | വിദേശമദ്യത്തിന്റെ വില വർദ്ധിപ്പിച്ചപ്പോൾ ആനുപാതികമായി ഇതിന്മേലുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുകയുണ്ടായോ; ഇല്ലെങ്കിൽ ഈ രംഗത്തെ നികുതി വെട്ടിപ്പ് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | വിദേശമദ്യത്തിന്റെ വില വർദ്ധിച്ചപ്പോൾ ആനുപാതികമായി ഇതിന്മേലുള്ള നികുതി വരുമാനവും വർദ്ധിക്കുകയുണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം-I

| | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2013-14 (അധിക വിഭവ സമാഹരണമുൾപ്പെടെ) | 30/11/2013 വരെയുള്ള കണക്കുകൾ | എസ്റ്റിമേറ്റുമായുള്ള വരവിന്റെ ശതമാനക്കണക്ക് | 30/11/12വരെയുള്ള കണക്കുകൾ |
|---|---|---|---|---|
| | | (അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ) | | |
| **തനത് നികുതി വരവിനങ്ങൾ** | (തുക കോടിയിൽ) | | | |
| കാർഷികാദായ നികുതി | 23.98 | 4.85 | 20% | 2.60 |
| ഭൂനികുതി | 135.49 | 61.07 | 45% | 77.82 |
| മുദ്രപ്പത്രവും രജിസ്ട്രേഷനും | 4207.01 | 1668.73 | 40% | 1965.56 |
| കൃഷി ഭൂമി ഒഴികെയുള്ള സ്ഥാവരവസ്തുവിൻമേലുള്ള നികുതികൾ | 87.59 | 35.93 | 41% | 33.27 |
| സംസ്ഥാന എക്സൈസ് | 2801.75 | 1252.81 | 45% | 1305.6 |
| വിൽപന നികുതി | 29594.95 | 15797.94 | 53% | 14334.55 |
| വാഹന നികുതികൾ | 2570.65 | 1388.44 | 54% | 1240.47 |
| വിദ്യുച്ഛക്തിയിൻമേലുള്ള നികുതികളും തീരുവകളും | 284.15 | 25.62 | 9% | 15.62 |
| ക്രയ വസ്തുക്കളെയും സേവനങ്ങളെയും സംബന്ധിക്കുന്ന മറ്റു നികുതികളും തീരുവകളും | 203.86 | 102.07 | 50% | 84.51 |
| **അധിക വിഭവ സമാഹരണമുൾപ്പെടെ ആകെ നികുതി വരവ്** | **39909.43** | **20337.46** | **51%** | **19060.00** |

സെക്ഷൻ ഓഫീസർ

## അനുബന്ധം-II

| | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2013-14 | 30/11/2013 വരെയുള്ള കണക്കുകൾ |
|---|---|---|
| | (തുക കോടിയിൽ) | |
| **കേന്ദ്ര നികുതി വിഹിതം** | | |
| കോർപ്പറേഷൻ നികുതി | 2818.88 | 1610.80 |
| കോർപ്പറേഷൻ നികുതി ഒഴിച്ചുള്ള ആദായനികുതികൾ | 1744.84 | 997.04 |
| സമ്പത്ത് നികുതി | 7.05 | 4.00 |
| കസ്റ്റംസ് തീരുവ | 1315.97 | 752.00 |
| കേന്ദ്ര എക്സൈസ് തീരുവ | 926.54 | 529.44 |
| സേവന നികുതി | 1330.51 | 760.32 |
| **ആകെ കേന്ദ്ര നികുതി വിഹിതം** | **8143.79** | **4653.60** |
| **സംസ്ഥാന തനത് നികുതി വരവ്** | | |
| കാർഷികാദായ നികുതി | 23.98 | 4.85 |
| ഭൂ നികുതി | 135.49 | 61.07 |
| മുദ്ര പത്രവും രജിസ്ട്രേഷനും | 4207.01 | 1668.73 |
| കൃഷി ഭൂമി ഒഴികെയുള്ള സ്ഥാവരവസ്തുവിൻമേലുള്ള നികുതികൾ | 87.59 | 35.93 |
| സംസ്ഥാന എക്സൈസ് | 2801.75 | 1252.81 |
| വിൽപന നികുതി | 28456.62 | 15797.94 |
| വാഹന നികുതികൾ | 2570.65 | 1388.44 |
| വിദ്യുച്ഛക്തിയിൻമേലുള്ള നികുതികളും തീരുവകളും | 284.15 | 25.62 |
| ക്രയ വസ്തുക്കളെയും സേവനങ്ങളെയും സംബന്ധിക്കുന്ന മറ്റു നികുതികളും തീരുവകളും | 203.86 | 102.07 |
| **ആകെ സംസ്ഥാന തനത് നികുതി വരവ്** | **38771.10** | **20337.46** |
| **സംസ്ഥാന തനത് നികുതിയേതര വരവ്** | | |
| പലിശ വരവിനങ്ങൾ | 189.29 | 67.30 |
| ലാഭവും ലാഭവിഹിതവും | 91.50 | 91.08 |
| പബ്ലിക് സർവ്വീസ് കമ്മീഷൻ | 2.26 | 1.74 |
| പോലീസ് | 71.58 | 14.57 |
| ജയിലുകൾ | 5.80 | 2.76 |
| സ്റ്റേഷനറിയും അച്ചടിയും | 12.13 | 9.83 |
| പൊതു മരാമത്ത് | 6.71 | 3.46 |
| ഭരണപരമായ മറ്റു സർവീസുകൾ | 192.87 | 145.31 |
| പെൻഷനും മറ്റു സേവനവിരാമ ആനുകൂല്യങ്ങൾക്കുമായുള്ള അംശദാനങ്ങളും വസൂലാക്കലുകളും | 69.01 | 34.33 |
| പലവക പൊതു സർവ്വീസുകൾ | 3054.01 | 1823.57 |
| വിദ്യാഭ്യാസം, കായികം, വിനോദം, കല, സംസ്കാരം | 259.18 | 152.41 |
| വൈദ്യസഹായവും പൊതുജനാരോഗ്യവും | 100.27 | 71.36 |
| കുടുംബക്ഷേമം | 0.06 | 0.12 |
| ഭവന നിർമ്മാണം | 2.71 | 0.92 |
| നഗര വികസനം | 1.80 | 1.65 |
| വാർത്താവിതരണവും പ്രചരണവും | 0.28 | 0.33 |

| | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2013-14 | 30/11/2013 വരെയുള്ള കണക്കുകൾ |
|---|---|---|
| തൊഴിലും തൊഴിൽ സൗകര്യങ്ങളും | 15.57 | 10.49 |
| സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 3.39 | 1.03 |
| മറ്റു സാമൂഹ്യ സർവ്വീസുകൾ | 5.09 | 0.59 |
| ധാന്യ വിളകൾ | 14.10 | 6.79 |
| മൃഗ സംരക്ഷണം | 5.37 | 3.70 |
| ക്ഷീരവികസനം | 1.23 | 0.63 |
| മൽസ്യബന്ധനം | 9.41 | 4.94 |
| വനവൽക്കരണവും വന്യജീവി സംരക്ഷണവും | 328.83 | 189.52 |
| സഹകരണം | 85.36 | 67.18 |
| മറ്റു കാർഷിക പരിപാടികൾ | 0.11 | 0.33 |
| മറ്റു ഗ്രാമവികസന പരിപാടികൾ | 2.00 | 1.46 |
| വൻകിട ജലസേചനം | 48.66 | 2.88 |
| ഇടത്തരം ജലസേചനം | 31.00 | 3.65 |
| ചെറുകിട ജലസേചനം | 52.63 | 4.03 |
| പെട്രോളിയം | 0.01 | 0.00 |
| ഗ്രാമ – ചെറുകിട വ്യവസായങ്ങൾ | 9.89 | 0.14 |
| വ്യവസായങ്ങൾ | 4.28 | 0.08 |
| ഇരുമ്പേതര ഖനനവും ലോഹ സംബന്ധവുമായ വ്യവസായങ്ങൾ | 73.05 | 31.77 |
| തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും | 71.57 | 15.97 |
| റോഡുകളും പാലങ്ങളും | 47.25 | 31.07 |
| ഉൾനാടൻ ജലഗതാഗതം | 5.56 | 4.55 |
| മറ്റു ഗതാഗത സർവ്വീസുകൾ | 0.14 | 0.05 |
| മറ്റു ശാസ്ത്രീയ ഗവേഷണം | 1.32 | 0.09 |
| വിനോദ സഞ്ചാരം | 6.60 | 3.79 |
| സിവിൽ സപ്ലൈസ് | 5.78 | 3.23 |
| പൊതുവായ മറ്റു സാമ്പത്തിക സർവ്വീസുകൾ | 33.89 | 21.48 |
| മറ്റുള്ളവ | 0.02 | 0.00 |
| **ആകെ സംസ്ഥാന തനത് നികുതിയേതര വരവ്** | **4921.57** | **2830.18** |
| **കേന്ദ്ര സർക്കാരിൽനിന്നുള്ള സഹായ ധനം** | **6221.41** | **2333.22** |
| **ആകെ സംസ്ഥാന റവന്യൂ വരവ്** | **58057.87** | **30154.46** |

സെക്ഷൻ ഓഫീസർ